നടത്തിയ അവലോകനത്തിന്റെ റിപ്പോർട്ട് അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)ക്ക് നല്കേണ്ടതാണ്.

e. ക്രിസ്തുമസ് പുതുവത്സരാഘോഷ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ എക്സൈസ് വകുപ്പു നടപ്പാക്കുന്ന മുൻകരുതലുകളെക്കുറിച്ച് സ്പിരിറ്റ്, വ്യാജമദ്യ ലോബികൾക്ക് അറിവുള്ളതിനാൽ ടി ലോബികൾ മുൻകൂട്ടി തന്നെ വ്യാജമദ്യം ശേഖരിക്കുവാൻ സാദ്ധ്യതയുണ്ട്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുവേണം വ്യാജമദ്യ ശേഖരണത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിക്കേണ്ടത്.

f. സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ ഒരു ഉദ്യോഗസ്ഥനും അവനവന്റെ അധികാരാതിർത്തി വിട്ടുപോകുവാൻ പാടില്ല. അത്യാവശ്യഘട്ടങ്ങളിൽ അല്ലാതെ ആർക്കും അവധി അനുവദിക്കരുത്. എക്സൈസ് ഇൻസ്പെക്ടർമാർക്ക് അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അറിയാതെ അവധി അനുവദിച്ചുകൂട. ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ എന്നിവർ അവരുടെ അവധി ബഹു. എക്സൈസ് കമ്മീഷണറെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)നോട് അനുവാദം വാങ്ങാതെ അവധിയിലോ പെർമിഷനിലോ പോകുവാൻ പാടില്ല.

g. ഡ്രൈ ഡേകൾ കൃത്യമായി പാലിക്കേണ്ടതും, ആ ദിവസങ്ങളിൽ സമാന്തര മദ്യ വിൽപ്പന നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

h. എഫ്.എൽ.3 ബാറുകൾ, എഫ്.എൽ.11 ബിയർ പാർലറുകൾ, എഫ്.എൽ.4 എ ക്ലബുകൾ, കള്ള് ഷാപ്പുകൾ എന്നിവ കൃത്യസമയത്തിന് മുമ്പായി തുറന്ന് പ്രവർത്തിക്കുന്നില്ലായെന്നും, അനുവദനീയമായ സമയം കഴിഞ്ഞ് പ്രവർത്തിക്കുന്നില്ലായെന്നും, കൃത്യമായി പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.

i. ജില്ലകളിലെ ഫീൽഡ് ഉദ്യോഗസ്ഥർ കൃത്യമായി ഡ്യൂട്ടികൾ ചെയ്യുന്നുണ്ടോയെന്ന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജോയിന്റ് എക്സൈസ് കമ്മീഷണർ എന്നിവർ രാത്രിയും പകലും ഫോണുകളിൽ ബന്ധപ്പെട്ടും, സർപ്രൈസ് വിസിറ്റ് നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.

j ദൈനംദിന ഡ്യൂട്ടിയ്ക്ക് വിഘ്നം സംഭവിക്കാത്ത രീതിയിൽ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് കൃത്യമായി വീക്കിലി ഓഫ് (ഡേ ഓഫ്) നൽകേണ്ടതാണ്.

k ഫലപ്രദമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന് പൊതു സമൂഹത്തിന്റേയും, പൊതുജനങ്ങളുടേയും സഹകരണവും പിൻതുണയും അത്യാവശ്യമാണ്. കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരം നൽകുന്നതിനായി എക്സൈസ് ആസ്ഥാനത്തുള്ള കൺട്രോൾ റൂമിന്റെയും, മേഖലകളിലെ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, എക്സൈസ്

